പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.1655 | 03.05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി. ഉണ്ണി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്; വിശദാംശം ലഭ്യമാക്കാമോ; | എ) | ഒറ്റപ്പാലം അംബ്ലി മണ്ഡലത്തിലെ താഴെപറയുന്ന സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്.<br>1. താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം<br>2. സാമൂഹികആരോഗ്യകേന്ദ്രം, അമ്പലപ്പാറ<br>3. സാമൂഹികആരോഗ്യകേന്ദ്രം, കടമ്പഴിപ്പുറം<br>4. സാമൂഹികആരോഗ്യകേന്ദ്രം, ചെർപ്പുളശ്ശേരി<br>5. പ്രാഥമിക ആരോഗ്യകേന്ദ്രം, എലമ്പുലാശ്ശേരി<br>6. പ്രാഥമിക ആരോഗ്യകേന്ദ്രം, ലക്കിടി<br>7. പ്രാഥമിക ആരോഗ്യകേന്ദ്രം, പേരൂർ<br>8. പ്രാഥമിക ആരോഗ്യകേന്ദ്രം, ശ്രീകൃഷ്ണപുരം<br>9. പ്രാഥമിക ആരോഗ്യകേന്ദ്രം, അടക്കാപുത്തൂർ |
| ബി) | എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലബോറട്ടറികൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | ബി) | ലബോറട്ടറി സൗകര്യമില്ലാത്ത പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ആരംഭിക്കുന്നതിനുള്ള നടപടികൾ ദേശീയ ആരോഗ്യമിഷൻ/ എച്ച്.എം. സി മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.<br>ആർദ്രം മിഷന്റെ ഭാഗമായി ഘട്ടം ഘട്ടമായി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ 170 പി.എച്ച്.സികളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പി.എച്ച്. സി കളിൽ ലബോറട്ടറികൾ ആരംഭിക്കുന്ന കാര്യവും ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യവും പരിഗണനയിലാണ്. |
| സി) | പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന ലാബുകൾ സ്ഥാപിക്കുന്ന പരിപാടിയുടെ പുരോഗതി വിശദമാക്കുമോ? | സി) | ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിച്ച 33 ലാബുകളിൽ 20 എണ്ണം പ്രവർത്തനയോഗ്യമാണ്. അതിൽ 15 എണ്ണം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ